ആവശ്യപ്പെട്ടിരുന്നുവെങ്കിലും കേന്ദ്ര പദ്ധതിയൊന്നും നിലവിൽ ഇല്ലാതിരിക്കാൻ സഹായമൊന്നും ലഭിച്ചിട്ടില്ല.

(ഡി) സമ്മർദ്ദം ചെലുത്താവുന്നതാണ്.

തുറമുഖങ്ങളുടെ സംരക്ഷണം

173(1661)ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുറമുഖങ്ങളുടെ സുരക്ഷക്ക് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ പര്യാപ്തമല്ല എന്നത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) തുറമുഖങ്ങളുടെ സുരക്ഷയ്ക്കായി കോസ്റ്റ് ഗാർഡ്, കസ്റ്റംസ് എന്നിവയുടെ യൂണിറ്റ് വിഴിഞ്ഞം കേന്ദ്രമായി ആരംഭിയ്ക്കുവാൻ നേരത്തേ തീരുമാനിച്ചിരുന്നോ;

(ഇ) പ്രസ്തുത യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇല്ലെങ്കിൽ പ്രസ്തുത യൂണിറ്റ് ആരംഭിക്കുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) വിഴിഞ്ഞം തീരത്ത് ദുരൂഹസാഹചര്യത്തിൽ വിദേശ കപ്പലുകൾ നങ്കൂരമിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഇതിനെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഐ) സംശയാസ്പദ സാഹചര്യങ്ങളിൽ വിദേശ കപ്പലുകൾ തീരത്ത് പ്രത്യക്ഷപ്പെടുമ്പോൾ അവയുമായി ബന്ധപ്പെടുവാൻ ആവശ്യത്തിന് വാർത്താവിനിമയ സൗകര്യങ്ങൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജെ) ഇപ്പോൾ ഇതിനായി എന്തൊക്കെ സംവിധാനങ്ങൾ ഉണ്ട്;

(കെ) 1997 സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ വിഴിഞ്ഞം തീരത്ത് രണ്ടു വിദേശ കപ്പലുകൾ പ്രത്യക്ഷപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എൽ) അന്ന് ആ കപ്പലുകൾ കോസ്റ്റ്ഗാർഡും കസ്റ്റംസും പരിശോധിച്ചിരുന്നോ;

(എം) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എൻ) ഇല്ലെങ്കിൽ അത് പരിശോധിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഒ) സംസ്ഥാനത്ത് തുറമുഖങ്ങളുടെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനും വാർത്താ വിനിമയ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്തൊക്കെ സ്ഥിരം സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് തുറമുഖങ്ങളുടെ കടലിൽനിന്നുള്ള സംരക്ഷണത്തിനായി ഇൻഡ്യൻ കോസ്റ്റ് ഗാർഡ്, ഇൻഡ്യൻ നേവി തുടങ്ങിയ കേന്ദ്ര സർക്കാർ ഏജൻസികൾ പ്രവർത്തിക്കുന്നു. കരയിൽ നിന്നുള്ള സംരക്ഷണത്തിനായി സംരക്ഷണമതിൽ, വാച്ച്മാൻ മുതലായ സംവിധാനമുണ്ട്.

(ബി)&(സി) ഇൻഡ്യൻ നേവി, കോസ്റ്റ്ഗാർഡ് എന്നിവരുടെ പ്രവർത്തനങ്ങൾ പര്യാപ്തമാണോയെന്ന് തീരുമാനിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. കോസ്റ്റ് ഗാർഡിന്റെ അപര്യാപ്തത കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ഡി)-(എഫ്) തുറമുഖങ്ങളുടെ സുരക്ഷയ്ക്കായി കോസ്റ്റ്ഗാർഡിന്റെ ഒരു യൂണിറ്റ് സ്ഥാപിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ കോസ്റ്റ് ഗാർഡിന്റെ യൂണിറ്റ് വിഴിഞ്ഞം തുറമുഖത്ത് പ്രവർത്തിക്കുന്നില്ല. കോസ്റ്റ്ഗാർഡ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അനുമതിയ്ക്കായി കേന്ദ്ര ഗവണ്മെന്റിന്റെ തീരുമാനം പ്രതീക്ഷിക്കുകയാണ്.

(ജി)&(എച്ച്) ഇതിനെക്കുറിച്ച് അന്വേഷണം നടത്താൻ കോസ്റ്റ് ഗാർഡിനോടും കേന്ദ്ര സർക്കാർ ഏജൻസികളോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഐ)&(ജെ) വിഴിഞ്ഞത്ത് വി.എച്ച്.എഫ്. സംവിധാനമുണ്ട്. ഇതിന് ഏകദേശം 40-50 കി. മീറ്റർ അകലെയുള്ള കപ്പലുകളുമായി ബന്ധപ്പെടുവാനേ കഴിയുകയുള്ളൂ. കൂടാതെ നീണ്ടകര, ആലപ്പുഴ തുറമുഖങ്ങളിൽ വി.എച്ച്.എഫ്. സംവിധാനമുണ്ട്.

(കെ)-(എൻ) കേന്ദ്രസർക്കാരിന്റെ അധികാരപരിധിയിൽപ്പെട്ടതായതുകൊണ്ട് ഇതു സംബന്ധിച്ച് അന്വേഷണത്തിനായി കേന്ദ്രസർക്കാർ ഏജൻസിയായ നേവി, കോസ്റ്റ്ഗാർഡ് എന്നിവയെ അറിയിച്ചിട്ടുണ്ട്.

(ഒ) പരിശോധിച്ചു വരുകയാണ്.

കയ്യൂർ ഐ.ടി.ഐ.യിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

174(1662)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ കയ്യൂർ ഗവണ്മെന്റ് ഐ.ടി.ഐ. യിൽ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിനായി ഫണ്ട് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം അറിയിക്കുമോ;

(ബി) ഈ ഉത്തരവുപ്രകാരം പ്രസ്തുത സ്ഥാപനത്തിൽ എത്ര രൂപയുടെ ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങാനാണ് ഉത്തരവ് പുറപ്പെടുവിച്ചതെന്ന് അറിയിക്കുമോ;

(സി) ഉത്തരവ് പുറപ്പെടുവിച്ചിട്ട് ഒരു വർഷം കഴിഞ്ഞിട്ടും ഉപകരണങ്ങളും ഫർണിച്ചറും വിതരണം ചെയ്യാത്തതിന്റെ കാരണം അറിയിക്കുമോ;

(ഡി) ഉത്തരവുപ്രകാരം ഉള്ള ഫർണിച്ചറും ഉപകരണങ്ങളും എപ്പോൾ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly